## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യംനമ്പർ - *208

18/03/2015 ൽ മറുപടിയ്ക്ക്

### ഖാദിമേഖലയുടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(ബഹു.സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഖാദി മേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | (എ) ഉണ്ട്.<br>ഖാദി മേഖലയിലെ ഉയർന്ന അധ്വാനഭാരവും തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിന്റെ അപര്യാപ്തതയും പുതിയ തൊഴിലാളികൾ ഖാദി രംഗത്തേക്ക് വരുന്നതിന് തടസമാകുന്നുണ്ട്. അടിസ്ഥാന സൌകര്യങ്ങളുടെ കുറവ് ഏതാനും ഖാദി സ്ഥാപനങ്ങളെയെങ്കിലും ബാധിക്കുന്നുണ്ട്. അധ്വാനഭാരം ലഘൂകരിക്കുന്നതിന് ഭാഗികമായ യന്ത്രവൽക്കരണം അനിവാര്യമാണെങ്കിലും അതിന് ഖാദി കമ്മീഷന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമല്ല എന്നുള്ളതാണ്. ഖാദി കമ്മീഷനിൽ നിന്നും ലഭിക്കേണ്ട Market Development Assistance യഥാസമയം ലഭിക്കില്ലെന്നു മാത്രമല്ല ഇപ്പോൾ ഭീമമായ കുടിശ്ശികയുമാണ്. ഖാദി ഉൽപ്പന്നങ്ങൾക്ക് നൽകുന്ന റിബേറ്റിൽ 10% MDA യിൽ നിന്നാണ് നൽകുന്നത്. സ്ഥാപനങ്ങൾ ഈ തുക സ്വന്തം കൈയിൽ നിന്നും ഇതിനോടകം നൽകി കഴിഞ്ഞതാണ്. MDA ഖാദി കമ്മീഷനിൽ നിന്നും ലഭിക്കാൻ വൈകുന്നത് സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ റിബേറ്റ് ഇനത്തിൽ അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയ തുക മുഴുവൻ തന്നെ നൽകി കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഖാദിയുടെ വിൽപനയിൽ വന്ന ഗണ്യമായ വർദ്ധനവ് മൂലം സംസ്ഥാന സർക്കാർ നൽകുന്ന റിബേറ്റും അപര്യാപ്തമാണ്. |
| (ബി) | ഖാദി മേഖല വൈവിദ്ധ്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം നിറവേറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) | നിറവേറ്റിയിട്ടുണ്ട്. ഖാദി മേഖലയുടെ നവീകരണം ലക്ഷ്യമാക്കി പ്രമുഖ ഗാന്ധിയൻ ശ്രീ.പി.ഗോപിനാഥൻനായർ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടത്തിൽ 96 ലക്ഷം രൂപയും പിന്നീട് 14.25 കോടി രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (സി) | ഖാദി മേഖലയിൽ ഉല്പന്നങ്ങൾ ആവശ്യത്തിനനുസരിച്ച് ഉല്പാദിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) | സാദ്ധ്യമാകുന്നില്ല. അസംസ്കൃതസാധനങ്ങളുടെ കൂടിയ വില, ലഭ്യതക്കുറവ്, വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം, പ്രതികൂല കാലാവസ്ഥ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, ഉല്പാദന ലക്ഷ്യം നിശ്ചയിക്കുന്നതിലെ അപാകത എന്നിവയാണ് പ്രധാന കാരണങ്ങൾ (പൊതുവിപണിയിൽ ലഭ്യമാകുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് ഖാദി സ്ഥാപനങ്ങൾക്ക് പഞ്ഞി ലഭിക്കുന്നത്. ആയത് ആവശ്യാനുസരണം ലഭിക്കുന്നുമില്ല. സിൽക്ക് പോലെ വളരെയധികം ഡിമാന്റുള്ള തുണികൾ ഉല്പാദിപ്പിക്കുന്നതിന് വിദഗ്ദ്ധ തൊഴിലാളികൾ ആവശ്യമാണ്. കേരളത്തിലെ കാലാവസ്ഥയും സിൽക്ക് ഉല്പാദനത്തിന് അനുകൂലമല്ല. അസംസ്കൃത വസ്തുവായ കൊക്കൂൺ/സിൽക്ക് നൂൽ ഇവ ആവശ്യത്തിന് കേരളത്തിൽ ലഭ്യവുമല്ല). ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്ഥാപനങ്ങൾക്ക് സ്വന്തമായി തീരുമാനമെടുക്കാൻ കഴിയില്ല. ഉല്പാദന ലക്ഷ്യം നിശ്ചയിക്കുന്നത് ഖാദി കമ്മീഷനാണ്. ലഭ്യമായ MDA തുകയുടെ അടിസ്ഥാനത്തിൽ ഉല്പാദന ലക്ഷ്യം പരിമിതപ്പെടുത്തുന്ന സമീപനവും ഉല്പാദന വർദ്ധനവിന് തടസ്സമാണ്. |

| | |
|---|---|
| (ഡി) ഖാദി മേഖലയിൽ അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത പ്രസ്തുത മേഖലയിൽ എന്തെല്ലാം പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട്. തൊഴിലാളികൾക്ക് ആരോഗ്യകരമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുവാൻ ഉതകുന്ന തരത്തിലുള്ള പണിശാല, കേടുപാടുകളില്ലാത്തതും ആധുനികവുമായ തൊഴിലുപകരണങ്ങൾ, വെള്ളം, വെളിച്ചം എന്നിവയുടെ ലഭ്യത എന്നിവയാണ് പ്രധാന അടിസ്ഥാന സൌകര്യങ്ങൾ. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഈ മേഖലയ്ക്ക് അടിസ്ഥാന സൌകര്യവികസനത്തിനായി തുക ലഭ്യമാക്കുന്നുണ്ട്. എന്നാൽ പല ഖാദി സ്ഥാപനങ്ങളുടേയും കാര്യത്തിൽ അടിസ്ഥാന സൌകര്യങ്ങളുടെ അഭാവം ഉണ്ട്. ഇത് പരിഹരിക്കുന്നതിനും കൂടിയിട്ടാണ് ആധുനീകവല്ക്കരണവുമായി ബന്ധപ്പെട്ട് തുക അനുവദിച്ചിരിക്കുന്നത്. |
| (ഇ) ഖാദി മേഖലയിലെ ഏതെല്ലാം സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടേയും പ്രവർത്തനം നിലച്ചു പോയിട്ടുണ്ട് ; അവ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഖാദി മേഖലയിലെ 147 സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചു പോയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പ്രവർത്തനം നിലച്ചുപോയ ഖാദി സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് മുന്നോടിയായി ടി സ്ഥാപനങ്ങൾ ഖാദി സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട്. അപ്രകാരം ഏതെങ്കിലും സ്ഥാപനങ്ങൾ മുന്നോട്ടു വന്നാൽ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്